73 (699) യാചക നിരോധനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും യാചകശല്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉത്സവസ്ഥലങ്ങളിലും മറ്റും യാചകരെ വിന്യസിച്ച പണം ശേഖരിക്കുന്ന ഗൂഢ സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നതായിട്ടുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യാചക നിരോധന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) താരതമ്യേന മോശമല്ലാത്ത ജീവിതനിലവാരവും, പ്രതിബദ്ധതാപരമായ സാമൂഹ്യസേവനവും കാരണം നമ്മുടെ സംസ്ഥാനവാസികളായ യാചകരുടെ എണ്ണം വളരെയേറെ കുറഞ്ഞിട്ടുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽനിന്ന് നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്ന യാചകരാണ് ഇവിടെ അധികമായി കാണപ്പെടുന്നത്. പോലീസ് സഹായത്തോടെ ഇവരെ അതിർത്തികളിൽ വച്ചുതന്നെ പിടികൂടി തിരികെ അയയ്ക്കുന്നുണ്ട്. ഉത്സവ സ്ഥലങ്ങളിലും മറ്റും യാചകശല്യം ഒഴിവാക്കുന്നതിനായി അതാതു പ്രദേശങ്ങളെ 1120-ലെ തിരുവിതാംകൂർ യാചക നിരോധന നിയമത്തിലെ ഒന്നാം വകുപ്പിലെ 3-ാം ഉപവകുപ്പിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള അധികാരം വിനിയോഗിച്ച് കാലാകാലങ്ങളിൽ യാചക നിരോധിത പ്രദേശമായി പ്രഖ്യാപിച്ച്, ആ പ്രദേശങ്ങളിലെ യാചക ശല്യം ഫലപ്രദമായി തടയുന്നുണ്ട്.

74 (700) പാഠശാലയിൽ കോടതികൾ പുനരാരംഭിക്കാൻ നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാഠശാലയിൽ മുമ്പ് പ്രവർത്തിച്ചിരുന്ന കോടതികൾ നിർത്തലാക്കിയിട്ട് വർഷങ്ങളേറെയായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുനിസിഫ്/മജിസ്ട്രേട്ട് കോടതികൾ പുനരാരംഭിക്കുന്നതിന് നിവേദനങ്ങൾ നൽകിയതിന്റെ ഫലമായി ഹൈക്കോടതി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കൊല്ലംതന്നെ മുൻസിഫ്/മജിസ്ട്രേട്ട് കോടതികൾ പാഠശാലയിൽ ആരംഭിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നത് ഹൈക്കോടതി ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാ ലിസ്റ്റിന്റെ ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുമാണ്. പ്രസ്തുത മുൻഗണനാ ലിസ്റ്റിൽ 16-ാം സ്ഥാനമാണ് പാഠശാല

LIBRARY ARCHIVES Kerala Legislative Assembly